M.S.C.L.P.S
Nannuvakkadu
WISDOM....SERVICE.....TRUTH
Established in 1891

# എം.എസ്.സി. എൽ.പി.സ്കൂൾ
## നന്നുവക്കാട്

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-26



## ആമുഖം

നന്നുവക്കാട് എം. എസ്.സി. എൽ പി സ്കൂളിൽ 2025-26 അധ്യയന വർഷത്തിൽ 96 കുട്ടികൾ ഒന്നു മുതൽ അഞ്ചുവരെ ക്ലാസുകളിൽ പഠിക്കുന്നു ഈ വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട് ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിൽ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

## വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം

1. രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികളിൽ സംയുക്ത ഡയറി എഴുതിക്കുകയും കുട്ടികൾ സ്വതന്ത്ര രചയിതാക്കൾ ആവുകയും ചെയ്യും.
2. സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കും.
3. കുട്ടികൾ സ്വയം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് കൊണ്ട് അറിവ് നിർമ്മാണ പ്രക്രിയയിലൂടെ പഠന നേട്ടങ്ങൾ കൈവരിക്കുന്നു.
4. സ്കൂളിലെ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് പി. ടി. എ കൾ ശക്തിപ്പെടുത്തും
5. സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാക്കും
6. ഇംഗ്ലീഷ് ഭാഷ സ്വയം നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്ന ലാംഗ്വേജ് അക്വിസിഷൻ പ്രവർത്തനങ്ങൾ ഒരുക്കി നൽകി സ്വതന്ത്രമായി ഭാഷ വായിക്കുവാനും എഴുതുവാനും കുട്ടികളെ പ്രാപ്തരാക്കും.

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എം എസ് സി എൽ പി എസ്, നന്നുവക്കാട് |
| മേൽവിലാസം | : | നന്നുവക്കാട് പി. ഓ പത്തനംതിട്ട |
| ഫോൺ | : | |
| സ്കൂൾ കോഡ് | : | 38643 |
| വിദ്യാഭ്യാസ ഉപജില്ല | : | പത്തനംതിട്ട |
| വിദ്യാഭ്യാസ ജില്ല | : | പത്തനംതിട്ട |
| റവന്യൂ ജില്ല | : | പത്തനംതിട്ട |
| BRC | : | പത്തനംതിട്ട |
| നഗരസഭ | : | പത്തനംതിട്ട |
| താലൂക്ക് | : | കോഴഞ്ചേരി |
| വില്ലേജ് | : | പത്തനംതിട്ട |
| ഇമെയിൽ | : | mscnannuvakadu@gmail.com |

## പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാതു ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതുവാനും വായിക്കുവാനുമുള്ള കഴിവ് ഉറപ്പുവരുത്തുക
3. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും
4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കും
5. ആധുനിക സാങ്കേതികവിദ്യ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കുകയും അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
6. സയൻസ് ലാബ് കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവൽക്കരിക്കും
7. ഓരോ ടൈമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പിടിഎ, കോർണർ പി ടി എ എന്നിവ ചേരും
8. ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ട് ആയി പാഠഭാഗങ്ങൾക്കനുസൃതമായ വർക്ക് ഷീറ്റുകൾ എസ് ആർ ജിയുടെ നേതൃത്വത്തിൽ ലഭ്യമാക്കും
9. വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവ് നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിശ്രമങ്ങൾ മാറ്റും
10. ആശയപ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി ആക്ടീവായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
11. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക
12. കൃഷി ഔഷധത്തോട്ട ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർഥി സംഘങ്ങൾ രൂപീകരിക്കൽ

## അക്കാദമികം

### <u>നേട്ടങ്ങൾ</u>

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.
- ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം.
- മികച്ച ലൈബ്രറി
- ''**ഓരോ കുട്ടിയും ഒന്നാമനാണ്** ''പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.
- കലാപഠനം, പ്രവർത്തി പരിചയ പഠനം, കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.

» പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അമ്മയുമൊത്ത് എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ.
» പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്.
» സർഗാത്മക വേദികൾ ആശയപ്രകടന വേദികൾ ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.
» പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ ന ടപ്പാക്കുന്നു
» കാർഷിക പ്രവർത്തികൾ ജൈവവൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്ര ദാനം ചെയ്യൽ.

## പരിമിതികൾ

» മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴി ഞ്ഞിട്ടില്ല.
» ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനു ള്ള അവസരമില്ല.
» വായനയ്ക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്ത കം വായി ക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്.
» ഐടി അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങൾ ഒരുക്കാൻ ആയി ട്ടില്ല.
» കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാഅവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാശേഷികൾ നേടാൻ, സചിത്ര നോട്ടുബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
7. ക്ലാസ്തല വായന മൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണവർഷോപ്പുകൾ ആസൂത്രണം ചെയ്യുക.

## പരിസര പഠനം

1. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക, ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്ന തിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കുക.

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതാ ശേഷികൾ നേടിയെന്ന് ഉറപ്പാക്കുക.
4. ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിത ചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക.

## പ്രവർത്തിപരിചയം

1. നിർമ്മാണാത്മക കഴിവുകൾ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കുവാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/ പഠനവുമായി പ്രവർത്തി പരിചയ അനുഭവത്തെ ബന്ധിപ്പിക്കുക.

## കലാ പരിശീലനം

1. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഅഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാ പഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. **'ഓരോ കുട്ടിയും ഒന്നാമനാണ്'** എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.

## അറബിക്

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക.
3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യ മനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പുവരുത്തുക.

## അവസ്ഥാ പഠനം

### പാഠ്യപദ്ധതി വിനിമയം

### ഭാഷ

#### വായന

* ആശയവ്യക്തതയോടെ സ്വതന്ത്രമായി വായിക്കുന്നു-25%
* അധ്യാപകന്റെ സഹായത്തോടെ വായിക്കുന്നു -50%
* വായിക്കാൻ ശ്രമിക്കുന്നു -25%

#### ലേഖനം

* ആശയ വ്യക്തതയോടെ സ്വതന്ത്രമായി എഴുതുന്നു -30%
* അധ്യാപകന്റെ സഹായത്തോടെ എഴുതുന്നു-55%
* എഴുതാൻ ശ്രമിക്കുന്നു-15%

#### ഭാഷണം

* ആശയ വ്യക്തതയോടെ സ്വതന്ത്രമായി സംസാരിക്കുന്നു -60%
* അധ്യാപകന്റെ സഹായത്തോടെ സംസാരിക്കുന്നു -35%
* സംസാരിക്കാൻ ശ്രമിക്കുന്നു-5%

### ഗണിതം

#### മേഖല-1 പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു

* കുട്ടി സ്വയം അപഗ്രഥിച്ച് പ്രശ്നം പരിഹരിക്കുന്നു-40%
* അധ്യാപകന്റെ സഹായത്തോടെ പ്രശ്നം പരിഹരിക്കുന്നു-40%
* പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നു-20%

#### മേഖല-2 സർഗാത്മകത

* കുട്ടി സ്വയം അപഗ്രഥിച്ച് പ്രശ്നം കണ്ടെത്തുന്നു-40%
* അധ്യാപകന്റെ സഹായത്തോടെ ക്രിയകൾ ചെയ്യുന്നു-45%
* സ്വന്തമായി ക്രിയകൾ ചെയ്യാൻ ശ്രമിക്കുന്നു-15%

#### മേഖല-3 യുക്തിചിന്ത

* കുട്ടി സ്വയം ചിന്തിച്ച് പ്രശ്നം പരിഹരിക്കുന്നു-40%
* അധ്യാപകന്റെ സഹായത്തോടെ പ്രശ്നം പരിഹരിക്കുന്നു-35%
* കുട്ടി പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നു-25%

## ശാസ്ത്രം

**മേഖല 1 പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു**

* പരീക്ഷണം സ്വന്തമായി ചെയ്ത നിഗമനങ്ങളിൽ എത്തുന്നു-60%
* അധ്യാപകന്റെ സഹായത്തോടെ പരീക്ഷണത്തിൽ ഏർപ്പെടുന്നു-30%
* സ്വന്തമായി പരീക്ഷണം ചെയ്യാൻ ശ്രമിക്കുന്നു-10%

**മേഖല-2 സർഗാത്മകത**

* പരീക്ഷണങ്ങൾ സ്വന്തമായി രൂപകൽപ്പന ചെയ്യുന്നു -60%
* അധ്യാപകന്റെ സഹായത്തോടെ പരീക്ഷണങ്ങൾ രൂപകൽപ്പന ചെയ്യുന്നു -30%
* സ്വന്തമായി പരീക്ഷണങ്ങൾ രൂപകല്പന ചെയ്യാൻ ശ്രമിക്കുന്നു-10%

**മേഖല-3 ശാസ്ത്രീയ ചിന്ത**

* ശാസ്ത്രീയ മാതൃകകൾ സ്വന്തമായി രൂപകല്പന ചെയ്യുന്നു -60%
* അധ്യാപകന്റെ സഹായത്തോടെ മാതൃക നിർമ്മാണത്തിൽ ഏർപ്പെടുന്നു-30%
* സ്വന്തമായി മാതൃക നിർമ്മിക്കാൻ ശ്രമിക്കുന്നു -10%

## സാമൂഹ്യശാസ്ത്രം

**മേഖല - 1 ചരിത്രപരം**

* സ്വന്തമായി കണ്ടെത്തലുകൾ നടത്തുന്നു-60%
* അധ്യാപകന്റെ സഹായത്തോടെ കണ്ടെത്തലുകൾ നടത്തുന്നു-30%
* സ്വന്തമായി കണ്ടെത്തലുകൾ നടത്താൻ ശ്രമിക്കുന്നു-10%

**മേഖല - 2 വിവരശേഖരണം**

* സ്വന്തമായി വിവരങ്ങൾ ശേഖരിച്ച് എഴുതുന്നു.60%
* അധ്യാപകന്റെ സഹായത്തോടെ വിവരശേഖരണം നടത്തുന്നു. 30%
* സ്വന്തമായി വിവരശേഖരണത്തിന് ശ്രമിക്കുന്നു. 10%

**മേഖല - 3 അന്വേഷണാത്മകത**

* സ്വന്തമായി ചരിത്ര രേഖകൾ അന്വേഷിച്ചു കണ്ടെത്തുന്നു.60%
* അധ്യാപകന്റെ സഹായത്തോടെ അന്വേഷണം നടത്തുന്നു 30%
* സ്വന്തമായി അന്വേഷണം നടത്താൻ ശ്രമിക്കുന്നു-10%
*

## ക്ലാസ് വിനിമയം

**അധ്യാപകർ**

- പ്രക്രിയ ബന്ധനമായ ആസൂത്രണം
- കുട്ടികളുടെ സ്വയം വിലയിരുത്തൽ
- കുട്ടികൾ തമ്മിൽ പരസ്പരം വിലയിരുത്തൽ
- അധ്യാപികയുടെ വിലയിരുത്തൽ
- കലാകായിക പ്രവർത്തി പരിചയ പ്രവർത്തനങ്ങൾ

## ചിത്രീകരണം

- കുട്ടികളുടെ സ്വയം പരിശീലനം
- വ്യായാമം ചെയ്യിപ്പിക്കുന്നു
- പഠനാന്തരീക്ഷം
- ക്ലാസ് മുറികളുടെ സജ്ജീകരണം
- വായന മൂല
- പരീക്ഷണ മൂല
- ക്ലാസ് ലൈബ്രറി എന്നിവ ലഭ്യമായ ഭൗതിക സാഹചര്യമനുസരിച്ച് ക്രമീകരിച്ചിട്ടുണ്ട്
- എല്ലാ വിഭാഗം കുട്ടികളെയും ഉൾക്കൊള്ളുന്ന പഠനാന്തരീക്ഷം സ്വതന്ത്ര ചിന്തയ്ക്കുള്ള അവസരവും ക്ലാസ് മുറികളിൽ സജ്ജീകരിച്ചിട്ടുണ്ട്
- പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പഠനോപകരണങ്ങൾ പരമാവധി ലഭ്യമാക്കുന്നുണ്ട്

## അധ്യാപക വിദ്യാർത്ഥി ബന്ധം

- വളരെ സൗഹാർദ്ദപരമായ ബന്ധമാണ് അധ്യാപകരും വിദ്യാർത്ഥികളും തമ്മിൽ നിലനിൽക്കുന്നത്.
- ഇവിടെ ഓരോ ക്ലാസിനും പ്രത്യേകം ലാപ്ടോപ്പും അനുബന്ധ ഉപകരണങ്ങളും പ്രൊജക്ടറും ഉചിതമായ രീതിയിൽ ക്ലാസ് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നു
- ഓരോ ക്ലാസിനും അനുയോജ്യമായ ലൈബ്രറിയും ജൈവവൈവിധ്യ ഉദ്യാനവും വിദ്യാലയത്തിലുണ്ട്.
- കുട്ടികൾക്ക് യഥേഷ്ടം കളിക്കാനുള്ള കളിസ്ഥലം ഈ വിദ്യാലയത്തിൽ ഉണ്ട്
- ഭിന്നശേഷി സൗഹൃദ ക്ലാസ് മുറികൾ ഉണ്ട് എന്നാൽ ആവശ്യമായ സ്മാർട്ട് ക്ലാസ് മുറികളില്ല
-

## അധ്യാപകർ

- സ്വാതന്ത്ര്യവും നിർഭയവുമായ അന്തരീക്ഷം നിലനിൽക്കുന്നു
- അനുയോജ്യമായ പഠന സാമഗ്രികൾ ഉപയോഗിക്കപ്പെടുന്നു
- പാഠപുസ്തകങ്ങൾ യഥാസമയം ലഭിക്കുന്നുണ്ട്
- എന്നാൽ കൈ പുസ്തകങ്ങളുടെ ലിസ്റ്റ് കുറവുണ്ട്
- ആവശ്യമായ പ്രാദേശിക വിഭവങ്ങൾ ഒരു പരിധി വരെ ലഭിക്കുന്നുണ്ട്
- ഉചിതമായ സാമൂഹിക പിന്തുണ ലഭിക്കുന്നുണ്ട്
- ദൈനംദിന ആസൂത്രണവും സമഗ്ര ആസൂത്രണവും കൃത്യമായും സമഗ്രമായും ചെയ്യുന്നുണ്ട്.
- അധ്യാപക രക്ഷകർത്തൃ ബന്ധം നല്ല രീതിയിൽ നിലനിൽക്കുന്നു

## ഭൗതിക സാഹചര്യം

ഇവിടെ പരിസ്ഥിതി സൗഹൃദവും വിദ്യാർത്ഥി സൗഹൃദവുമായ അന്തരീക്ഷം നിലനിൽക്കുന്നു. ശാസ്ത്രം ഗണിതം എന്നിവയുമായി ബന്ധപ്പെട്ട ലബോറട്ടറികളുണ്ട്. എല്ലാ ക്ലാസിനും അനുയോജ്യമായ ലൈബ്രറികൾ ഉണ്ട്. ഈ വിദ്യാലയത്തിന് ആവശ്യമായ സ്ഥലമുണ്ട്. എന്നാൽ കുറച്ചു കളി ഉപകരണങ്ങൾ ആവശ്യമാണ്. മതിയായ എണ്ണം

ശുചിമുറികൾ ഉണ്ടെങ്കിലും ഗേൾ ഫ്രണ്ട്ലി ടോയ്‌ലറ്റുകൾ ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റ് ഇവ ഇല്ല. ആവശ്യമായ ശുദ്ധജല ലഭ്യത സ്കൂളിനുണ്ട്. വിദ്യാർത്ഥി സൗഹൃദ ഭിന്നശേഷി സൗഹൃദ ഫർണിച്ചറുടെ കുറവ് നിലനി ൽക്കുന്നു. ഭക്ഷണം തയ്യാറാക്കുന്നതിന് സൗക ര്യമുണ്ടെങ്കിലും അത് വിതരണം ചെയ്യുന്നതിനും ഇരുന്നു കഴിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഇല്ല.

## <u>സാമൂഹ്യ ഇടപെടലുകൾ</u>

സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ പിടിഎ ആവശ്യമായ സഹായങ്ങൾ ചെയ്യുന്നു. കുട്ടികൾക്ക് വായന കളരി കൂടുതൽ കാര്യക്ഷമമാക്കാൻ വ്യക്തികളും പൂർവ്വ വിദ്യാർത്ഥികളും ദിനപത്രം തന്ന് സഹായിക്കുന്നു. വിവിധ മേഖലകളിൽ കഴിവ് തെളി യിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ കൊടുക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ടോയ്‌ലറ്റും നിർമ്മിച്ചു തരുന്ന പദ്ധതി നടന്നുകൊണ്ടിരിക്കുന്നു. വിവിധ സന്നദ്ധ സംഘടനകൾ സാമൂഹ്യ വിദഗ്ധർ എന്നിവർ ആവശ്യമായ ക്ലാസുകൾ. കുട്ടികൾക്ക് നൽകുന്നുണ്ട്. പഠനോപകരണങ്ങൾ പൂർവവിദ്യാർത്ഥികൾ നൽകാറുണ്ട്.

# വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ- വെല്ലുവിളികൾ

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| പാഠ്യപദ്ധതി വിനിമയം | വായന<br>ലേഖനം<br>സംസാരം | ലഘുതരം | | | വീട്ടിലെ സാഹചര്യം |
| പഠനാന്തരീക്ഷം | | | | | |
| അധ്യാപകർ | | | | | |
| ഭൗതിക സാഹചര്യം | ശരിയായ വീതിയുള്ള വഴിയില്ല | | | തീവ്രം | സമീപ വസ്തു ഉടമകൾ മതിലുകൾ കെട്ടിയതു കൊണ്ട് |
| | സ്കൂൾ കെട്ടിടം | | ഗുരുതരം | | സാമ്പതിക കുറവ് |
| സ്കൂൾ ഊട്ടുപുര | ലഘുതരം | | | | സാമ്പതിക കുറവ് |
| ലബോറട്ടറികൾ | ലഘുതരം | | | | സാമ്പതിക കുറവ് |
| വാഹനം | ലഘുതരം | | | | സാമ്പതിക കുറവ് |
| ഫർണിച്ചറുകൾ | ലഘുതരം | | | | സാമ്പതിക കുറവ് |

# മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | പാഠ്യപദ്ധതി വിനിമയം | വായന കാർഡ്, അക്ഷര കാർഡ്, പുസ്തകങ്ങൾ, ദൈനംദിന പത്രങ്ങൾ എന്നിവ വായനയ്ക്കായി നൽകുന്നു | ജൂൺ - ആഗസ്റ്റ് | അധ്യാപകർ | | ക്ലാസ് പ്രവർത്തനങ്ങളെ ബാധിക്കാതെ |
| | | **ലേഖനം**<br>വായനക്കുറിപ്പ് തയ്യാറാക്കൽ, പ്രശ്നോത്തരി, കഥാരചന, കവിതാരചന, വിവരണം തയ്യാറാക്കൽ | ജൂൺ - സെപ്റ്റംബർ | അധ്യാപകർ | | ക്ലാസ് പ്രവർത്തനങ്ങളെ ബാധിക്കാതെ |
| | | കഥ, കവിത അവതരണം | ജൂലൈ മുതൽ | അധ്യാപകർ | | ക്ലാസ് പ്രവർത്തനങ്ങളെ ബാധിക്കാതെ |
| 2. | പഠനാന്തരീക്ഷം | ക്ലാസ് മുറി സജ്ജീകരിക്കൽ | 2 വർഷം | എസ്.എം.സി<br>പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ | 2 ലക്ഷം | |
| 3. | പഠനോപകരണങ്ങൾ | പഠനോപകരണങ്ങൾ വാങ്ങുന്നു | 1 വർഷം | എസ്.എം.സി<br>പി.ടി.എ<br>സന്നദ്ധ സംഘടനകൾ | 25000 | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 4. | പഠനോപ കരണങ്ങളുടെ ലഭ്യത | പ്രൊജക്ടർ, സ്ക്രീൻ | 1 വർഷം | പൂർവ്വ വിദ്യാർത്ഥികൾ | 2000 | |
| | | മൈക്ക് സെറ്റ് | 1 വർഷം | പി.ടി.എ സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥികൾ | 75000 | |
| 5. | കളിയുപകര ണങ്ങൾ | | 1 വർഷം | എസ്.എം.സി പി.ടി.എ | | |
| | | | **<u>ഭൗതിക സാചര്യം</u>** | | | |
| 1. | സ്കൂൾ കെട്ടിടം | | 5 വർഷം | മനേജ്മെന്റ്, പി.ടി.എ പൂർവ്വ വിദ്യാർത്ഥികൾ | 60000 | |
| 2. | ലബോറട്ടറികൾ | | 1 വർഷം | പി.ടി.എ പൂർവ്വ വിദ്യാർത്ഥികൾ | | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 3. | കളിസ്ഥലം | | 3 വർഷം | മനേജ്മെന്റ്, പി.ടി.എ പൂർവ്വ വിദ്യാർത്ഥികൾ | 1,00,000 | |
| 4. | ശുചിമുറികൾ | 5 എണ്ണം | 2 വർഷം | തദ്ദേശ സ്വയം ഭരണ സ്ഥാപനം, പൂർവ്വ വിദ്യാർത്ഥികൾ | 5,00,000 | |
| 5. | ഫർണീച്ചർ | | 3 വർഷം | പി.ടി.എ സന്നദ്ധ സംഘടനകൾ, എസ്.എം.സി | 1,00,000 | |
| 6 | ഊട്ടുപുര | | 5 വർഷം | പി.ടി.എ, സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥികൾ | | |
| | | | **<u>വൈകാരികം</u>** | | | |
| | ബോധവത്കരണ ക്ലാസുകൾ | | ഡിസംബർ | സന്നദ്ധ സംഘടന കൾ, പ്രാദേശിക വിദ ഗ്ധർ | | |